**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2231** **09-02-2023 - ൽ മറുപടിയ്ക്ക്**

**സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരേ കരാറുകാരന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വ്യത്യസ്ത നിരക്കിൽ മുളകിന് പർച്ചേസ് ഓർഡർ നൽകിയ വകയിൽ കോർപ്പറേഷനുണ്ടായ നഷ്ടം എത്രയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സപ്ലൈകോ ഇ-ടെണ്ടർ നടത്തുന്നത് ഓരോ ഡിപ്പോയിലെയും ആവശ്യകത പ്രത്യേകം കണക്കാക്കിയാണ്. ഓരോ ഡിപ്പോയിലെയും ആവശ്യകത പരിഗണിച്ച് ആ ഡിപ്പോയിൽ സ്റ്റോക്ക് എത്തിച്ചു നൽകുന്നതിനുള്ള മൊത്തം ചെലവ് കണക്കാക്കിയാണ് വിതരണക്കാർ നിരക്ക് രേഖപ്പെടുത്തുന്നത്. വിവിധ വിതരണക്കാർ അവർക്ക് ലഭ്യമാക്കാവുന്ന അളവ്, അതിന്റെ വിതരണത്തിനുള്ള ചെലവ് എന്നിവ കണക്കാക്കി മത്സരാടിസ്ഥാനത്തിൽ വില രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ വിവിധ ഡിപ്പോകളിൽ വിവിധ നിരക്കിലായിരിക്കും ഇപ്രകാരം നിരക്ക് രേഖപ്പെടുത്തുന്നത്. സെൻട്രൽ വിജിലൻസ് കമ്മീഷന്റെ നിബന്ധനകൾ അനുസരിച്ച് ഓരോ ഡിപ്പോയിലും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാരനാണ് വിതരണത്തിനായുള്ള കരാർ നൽകുന്നത്.<br><br>വിവിധ മേഖലകളിൽ മുളകിന് ലഭിച്ച കുറഞ്ഞ നിരക്കുകൾ(കി.ഗ്രാം) ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 218.57<br><br>കോട്ടയം - 217.62<br><br>എറണാകുളം - 216.23<br><br>പാലക്കാട് - 222.93<br><br>കോഴിക്കോട് - 235.89<br><br>ഗതാഗത ചെലവ്, വിതരണം ചെയ്യേണ്ട അളവ്, ഇറക്കു കൂലി മുതലായ ചെലവുകൾ അടിസ്ഥാനപ്പെടുത്തി വിവിധ ഡിപ്പോകളിൽ ചരക്ക് എത്തിക്കുന്നതിനുള്ള നിരക്കുകൾ വ്യത്യാസപ്പെട്ടിരിക്കും. അതുകൊണ്ട് വ്യത്യസ്ത |

| | | | |
|---|---|---|---|
| | | | നിരക്കുകൾ തമ്മിലുള്ള വ്യത്യാസം സപ്ലൈകോയുടെ നഷ്ടമായോ ലാഭമായോ കണക്കാക്കുവാൻ സാധിക്കുകയില്ല. |
| (ബി) | കരാർ പ്രകാരം നിശ്ചയിച്ച ഇനത്തിലുള്ള മുളക് തന്നെ ഡിപ്പോകളിൽ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | വിതരണക്കാർ ഡിപ്പോകളിൽ മുളകിന്റെ സ്റ്റോക്ക് എത്തിക്കുമ്പോൾ, നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിച്ച സാമ്പിൾ അനുസരിച്ചുള്ള സ്റ്റോക്ക് ആണ് എന്ന് സപ്ലൈകോയുടെ ക്വാളിറ്റി ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയതിന് ശേഷം മാത്രമാണ് സ്റ്റോക്ക് സ്വീകരിക്കുന്നത്. |
| (സി) | സംസ്ഥാനം കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ പഴയ കമ്പനിയുടെ നിയന്ത്രണത്തിലുള്ള പുതിയ കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകുവാൻ ഇടയായ സാഹചര്യം എന്തെന്ന് അറിയിക്കാമോ? | (സി) | വേലു ട്രേഡേഴ്സ് എന്ന സ്ഥാപനത്തെയാണ് മുളക് വിതരണത്തിൽ ക്രമക്കേട് കാണിച്ചതിന് സപ്ലൈകോ കരിമ്പട്ടികയിൽപ്പെടുത്തിയത്. സപ്ലൈകോയിൽ 10 വർഷത്തിലധികമായി വിതരണം നടത്തുന്ന ശ്രീ പൂർണ്ണ ചന്ദ്ര & കമ്പനി എന്ന വ്യത്യസ്ത ജി.എസ്.ടി നമ്പരുള്ള സ്ഥാപനത്തിനാണ് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് മേഖലകളിൽ വിതരണത്തിനായുള്ള കരാർ നൽകിയത്. ശ്രീ പൂർണ്ണചന്ദ്ര & കമ്പനി, എസ്. പൂർണ്ണചന്ദ്ര റാവു എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒരു പ്രോപ്രൈറ്റർഷിപ്പ് സ്ഥാപനമാണ്. വിതരണക്കാർ എന്ന നിലയ്ക്ക് ആവശ്യമായ എല്ലാ രേഖകളും (ജി.എസ്.ടി സർട്ടിഫിക്കറ്റ്, FSSAI ലൈസൻസ്, എക്സ്പീരിയൻസ് ആദിയായവ) ഉണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് വിതരണക്കാരെ ടെൻഡറിൽ പങ്കെടുപ്പിക്കുന്നതും അവരുമായി കരാറിൽ ഏർപ്പെടുന്നതും. |

സെക്ഷൻ ഓഫീസർ